# മദ്ധ്യമേഖല ജോയിൻറ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം

## (ഹാജർ: എൻ. അശോക് കുമാർ)

വിഷയം :-അബ്കാരി:-2023-26 വർഷത്തെ മദ്ധ്യമേഖലയിലെ കള്ളുഷാപ്പുകളുടെ രണ്ടാംഘട്ട വിൽപ്പന സംബന്ധിച്ച നടപടികളുടെ സമയക്രമം നിജപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :- 1. 06.06.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ് (SRO നമ്പർ: 654/2023)

2. 04.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)

3. 15.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ്.

4.എക്സൈസ് കമ്മീഷണറുടെ 07.09.2023 തിയതിയിലെ EXC/5791/XA/2022(2) നമ്പർ കത്ത്

## ഉത്തരവ് നമ്പർ JECCZ/677/2022-CZ3 തിയതി 04.10.2023

മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 മാർഗ്ഗ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2023 ഒക്ടോബർ ഒന്നാം തീയതി മുതൽ 2026 മാർച്ച് 31 വരെയുള്ള കലയളവിലേക്ക് കള്ളുഷാപ്പുകളുടെ ഒന്നാംഘട്ട വിൽപ്പന 25.09.2023, 26.09.2023 തിയതികളിലായി നടത്തിയിട്ടുള്ളതാണ്. ഒന്നാംഘട്ടത്തിൽ വിറ്റുപോകാത്ത കള്ളുഷാപ്പുകളുടെ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വിൽപ്പന അതാത് കള്ളുഷാപ്പുകൾക്ക് നിശ്ചയിട്ടുള്ള റെൻറലിന്റെ 50% കുറച്ച് രണ്ടാം റൌണ്ടിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിൽപ്പന നടത്തുവാനാണ് നിയമം നിഷ്കർഷിച്ചിരിക്കുന്നത്. ആയതിനാൽ ഒന്നാം റൌണ്ടിൽ വിറ്റു പോകാത്ത കള്ളുഷാപ്പുകളുടെ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള രണ്ടാം റൌണ്ട് വിൽപ്പന 11.10.2023 തിയതിയിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

**One Time Registration** നടപടികൾ ആദ്യഘട്ടത്തിൽ പൂർത്തിയാക്കിയവർക്ക് മാത്രമേ രണ്ടാംഘട്ട വിൽപ്പനയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. കള്ളുഷാപ്പുകളുടെ രണ്ടാംഘട്ട വിൽപ്പനയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള, സമയ പരിധിക്കുള്ളിൽ **One Time Registration** പൂർത്തിയാക്കിയവർ അതാത് ഗ്രൂപ്പിന്റെ 50% റെൻറൽ തുക ഓൺലൈൻ മുഖേന അടച്ച് **06.10.2023, 07.10.2023** എന്നീ തിയതികളിലായി അപേക്ഷകൾ ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**സൂക്ഷ്മ പരിശോധന**

എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 09.10.2023 നോ അതിനു മുമ്പോ തന്നെ ബന്ധപ്പെട്ട എക്സൈസ് ഡിവിഷനുകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്വീകാര്യമായ അപേക്ഷകൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് മദ്ധ്യ മേഖല ജോയിൻറ് എക്സൈസ് കമ്മീഷണർക്ക് online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്

**വിൽപ്പന നടപടികൾ**

11.10.2023 തിയതിയിൽ രാവിലെ 10 AM നു ആരംഭിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ (നോട്ടിഫിക്കേഷൻ പ്രകാരം) online മുഖേന വിൽപ്പന വിജയിയെ ജോയിൻറ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്, ആയതിന്റെ

സമയക്രമം/ദിവസം ചുവടെ ചേർത്ത് ക്രമീകരിച്ച് കൊണ്ട് ഉത്തരവാകുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗ നിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി **Youtube** **(https://youtube.com/@CentralZoneExcise)** (ലിങ്ക് etoddy വെബ്സൈറ്റിൽ ലഭ്യമാണ്) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

**എറണാകുളം ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | തൃപ്പൂണിത്തുറ | 1,2,4,6 | 11.10.2023 |
| 2 | മട്ടാഞ്ചേരി | 1 | 11.10.2023 |
| 3 | ഞാറയ്ക്കൽ | 3 | 11.10.2023 |
| 4 | ആലുവ | 4 | 11.10.2023 |

**തൃശ്ശൂർ ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | കുന്നംകുളം | 5 | 11.10.2023 |
| 2 | വാടാനപ്പിള്ളി | 5 | 11.10.2023 |

**പാലക്കാട് ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | തൃത്താല | 5 | 11.10.2023 |
| 2 | പട്ടാമ്പി | 1 | 11.10.2023 |
| 3 | പാലക്കാട് | 11 | 11.10.2023 |
| 4 | ചിറ്റൂർ | 14, 16 | 11.10.2023 |

എറണാകുളം ഡിവിഷനിലെ പ്രിവൻറീവ് ഓഫീസർ ശ്രീ. ടി.വി.സുശീലൻ ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ് ഫോമിലെ നടപടികൾക്ക്

ആവശ്യമായ സാങ്കേതിക സഹായം മദ്ധ്യമേഖല ജോയിൻറ് എക്സൈസ് കമ്മീഷണർ ഓഫീസിലെ ഉദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് എക്സൈസ് കമ്മീഷണർ
മദ്ധ്യമേഖല, എറണാകുളം

പകർപ്പ്

1. എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)
2. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്)
   (ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)
3. എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)
   (നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ഉത്തരവ് ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

മാനേജർ (അധിക ചുമതല)
എം.സജീവ് കുമാർ
എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ,
എക്സൈസ് എൻഫോർസ്മെൻറ് ആൻറ്
ആൻറി നർകോട്ടിക് സ്പെഷ്യൽ സ്ക്വാഡ്,
എറണാകുളം.